**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2242 | 23.03.2012 ൽ മറുപടിയ്ക്ക് |
|---|---|

**പോഷകാഹാരക്കുറവ് പൂർണ്ണമായും പരിഹരിക്കുന്നതിന് പദ്ധതി**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.കെ.വി. വിജയദാസ് | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പോഷകാഹാരക്കുറവുമൂലം ഏതെങ്കിലും കുട്ടി മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങളും സ്ഥിതിവിവര ക്കണക്കുകളും നൽകുമോ; | (എ) പാലക്കാട് ജില്ലയിലെ നെന്മാറയിൽ ആവശ്യത്തിന് മുലപ്പാൽ ലഭിക്കാതെ കുഞ്ഞ് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറും സംഭവ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പുമായി സഹകരിച്ച് ഇത്തരം സംഭവങ്ങൾ ആവർത്തി-ക്കാതിരിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | ഗർഭിണികളിലെയും കുട്ടികളിലെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ടേക്ക് ഹോം റേഷൻ പദ്ധതി പ്രകാരം ന്യൂട്രിമിക്സ് (135gm/day) അംഗൻവാടി വഴി വിതരണം നടത്തിവരുന്നു. ഇതിൽ ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, നിലക്കടല, സോയ, പഞ്ചസാര എന്നിവ ചേർത്ത് മൈക്രോന്യൂട്രിയന്റുകൾ ഉൾപ്പെട്ട ഭക്ഷണപദാർത്ഥമാണ്. ഇവ വിതരണം നടത്തുന്ന സമയത്ത് കുട്ടികളുടെ ഭാരം ഗ്രോത്ത് ചാർട്ടിൽ രേഖപ്പെടുത്തുകയും നിർദ്ദിഷ്ട ഭാരം ഇല്ലാത്ത കുട്ടികൾക്ക് പ്രത്യേക പോഷകാഹാര വിതരണം നടത്തുകയും ചെയ്യുന്നു. വൈദ്യസഹായം |

| | | |
|---|---|---|
| | | ആവശ്യമെങ്കിൽ പിഎച്ച്സി-യിലേയ്ക്ക് റഫർ ചെയ്യാറുണ്ട്. 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള അംഗൻവാടി കുട്ടികൾക്ക് 3 നേരം പാകം ചെയ്ത ഭക്ഷണം നൽകി വരുന്നു. ഇതിൽ പ്രധാനമായും പ്രോട്ടീനും വിറ്റാമിനും അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. മാത്രമല്ല മാസത്തിലൊരിക്കൽ അമ്മമാർക്ക് ആരോഗ്യവകുപ്പുമായി ചേർന്ന് ഇക്കാര്യത്തിൽ അംഗൻവാടികൾ തോറും ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ നടത്തുന്നുണ്ട്.<br>പാലൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും അതാത് ഗ്രാമപഞ്ചായത്തുകൾ തീരുമാനിക്കുന്ന ഭക്ഷണപദാർത്ഥങ്ങളാണ് 3 മണിക്കുള്ള ജനറൽ ഫീഡിംഗ് വഴി നൽകി വരുന്നത്. ഒരു ഗുണഭോക്താവിന് 5/- രൂപ നിരക്കിലാണ് ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചിലവഴിക്കുന്നത്. ഇതിന്റെ പകുതി തുകയായ 2.50/- രൂപ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും നൽകി വരുന്നു. |
| (സി) | പോഷകാഹാരക്കുറവ് പൂർണ്ണമായും പരിഹരിക്കുന്നതിന് കേരളത്തിൽ സാമൂഹ്യക്ഷേമവകുപ്പ് ഒരു നയം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയ്ക്കായി ഒരു സമഗ്രനയം രൂപീകരിക്കുമോ? | (സി) കരട് പോഷകാഹാര നയം രൂപീകരിച്ചിട്ടുണ്ട്. ആയതിന് അന്തിമ രൂപം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ